**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1482** **03.12.2018 ൽ മറുപടിയ്ക്ക്**

**മനക്കടവ് - പട്ടിമറ്റം - പത്താംമൈൽ നെല്ലാട് റോഡിലെ പുറമ്പോക്ക് ഭൂമി**

**ചോദ്യം**
**ശ്രീ.വി.പി.സജീന്ദ്രൻ**

**മറുപടി**
**ശ്രീ.ഇ. ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | |
|---|---|
| പൊതുമരാമത്ത് റോഡായ മനയ്ക്കകടവ് - പട്ടിമറ്റം - പത്താംമൈൽ നെല്ലാട് റോഡിലെ പുറമ്പോക്ക് ഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതിൽ ഉണ്ടായിട്ടുള്ള കാലതാമസം എന്തെന്ന് വിശദമാക്കാമോ ? | കുന്നത്തുനാട് താലൂക്ക്, പട്ടിമറ്റം, മഴുവന്നൂർ, ഐരാപുരം, കിഴക്കമ്പലം കുന്നത്തുനാട് എന്നീ വില്ലേജുകളിൽ കൂടി മനയ്ക്കകടവ് മുതൽ നെല്ലാട് വരെയുള്ള റോഡ് കടന്നുപോകുന്നതും, ടി റോഡിന്റെ അതിർത്തി പുനർ നിർണ്ണയം ചെയ്യുന്നതിനായി ടി റോഡിന്റെ ഇരുവശത്തുമുള്ള ആളുകളുടെ മേൽവിലാസവും, അതിർത്തിയിലെ സർവ്വെ നമ്പരുകളുടെ എഫ്.എം.ബി.യുടെ (റീ സർവ്വെ പ്ലാൻ) ഹാജരാക്കുന്നതിന് ബന്ധപ്പെട്ട വില്ലേജാഫീസർമാർക്ക് കുന്നത്തുനാട് അഡീഷണൽ തഹസിൽദാർ നിർദ്ദേശം നൽകിയിട്ടുള്ളതും ടി വിഷയം കുന്നത്തുനാട് താലൂക്ക് സർവ്വെയർമാരുടെ പ്രത്യേക പരിഗണനയിൽ ഇരിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ